**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1167** **29-06-2026-ൽ മറുപടിയ്ക്ക്**

**ഫോർട്ട് കൊച്ചിയിലെ മാലിന്യപ്രശ്നവും അടിസ്ഥാന സൗകര്യങ്ങളുടെ പോരായ്മയും സമഗ്ര വികസന പദ്ധതികളും**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. മുഹമ്മദ് ഷിയാസ് ശ്രീ. പി. സി. വിഷ്ണുനാഥ്
(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** ലോകപ്രശസ്ത പൈതൃക ടൂറിസം കേന്ദ്രമായ ഫോർട്ട് കൊച്ചിയുടെ വിവിധ ഭാഗങ്ങളിൽ മാലിന്യക്കൂമ്പാരങ്ങൾ രൂപപ്പെടുന്നതും കടൽത്തീരങ്ങൾ ശുചിത്വരഹിതമായ അവസ്ഥയിലാണെന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫോർട്ട് കൊച്ചിയുടെ പൈതൃക പ്രാധാന്യവും വിനോദസഞ്ചാര സാധ്യതയും നിലനിർത്തുന്നതിന് ശുചിത്വം ഉറപ്പാക്കേണ്ടത് സർക്കാരിന്റെ പ്രഥമ പരിഗണനയിലുള്ള വിഷയമാണ് . ഇതിന്റെ ഭാഗമായി വിവിധ ഭാഗങ്ങളിൽ രൂപപ്പെടുന്ന മാലിന്യങ്ങൾ കൃത്യമായി ശേഖരിച്ച് നീക്കം ചെയ്യുന്നതിനായി സൗത്ത് ബീച്ചിനോട് ചേർന്ന് 7,55,800/- രൂപ ചെലവിൽ ' Solid Waste Container for Fort Kochi 'എന്ന പദ്ധതി പ്രകാരം ഡച്ച് സെമിത്തേരിയുടെ പുറകിൽ ഒരു കണ്ടെയ്നർ ടൂറിസം ഫണ്ട് ഉപയോഗിച്ച് സ്ഥാപിച്ചിട്ടുണ്ട്. ഫോർട്ട് കൊച്ചിയിലെ മാലിന്യ പ്രശ്നത്തിന് ശാശ്വതമായ പരിഹാരം കാണുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപിപ്പിച്ചുള്ള സജീവമായ സഹകരണത്തോടെയുള്ള ശക്തമായ നടപടികൾ സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു.

**(ബി)** ഫോർട്ട് കൊച്ചി ബീച്ചിലും പരിസരങ്ങളിലും എത്തുന്ന ആഭ്യന്തര-വിദേശ സഞ്ചാരികൾക്കായി ആധുനിക ശൗചാലയങ്ങൾ, വിശ്രമകേന്ദ്രങ്ങൾ, കുടിവെള്ള വിതരണം ഉൾപ്പെടെയുള്ള അത്യാവശ്യ അടിസ്ഥാന സൗകര്യങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ;

**മറുപടി:** ഫോർട്ട് കൊച്ചിയിലെത്തുന്ന സഞ്ചാരികൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആധുനിക ശുചിമുറികൾ, വിശ്രമകേന്ദ്രങ്ങൾ, ശുദ്ധമായ കുടിവെള്ള വിതരണ സംവിധാനങ്ങൾ എന്നിവ ഫോർട്ട് കൊച്ചിയുടെ വിവിധ ഭാഗങ്ങളിൽ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് . സ്ത്രീകൾ നയിക്കുന്ന ടൂറിസം സംരംഭങ്ങൾ , ഹോംസ്റ്റേകൾ, ഉത്തരവാദിത്ത ടൂറിസം എന്നിവ വിപുലീകരിക്കുന്നതടക്കമുള്ള നടപടികൾ

സ്വീകരിക്കുന്നതാണ് . സ്ത്രീകളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഗ്രീൻ മാർഷൽ പദ്ധതി ആരംഭിക്കുന്നതാണ്.

**(സി)** അന്താരാഷ്ട്ര പൈതൃക വിനോദസഞ്ചാര കേന്ദ്രമായ ഫോർട്ട് കൊച്ചിയിലെ ചരിത്രസ്മാരകങ്ങൾ, പൈതൃക കെട്ടിടങ്ങൾ, നടപ്പാതകൾ, പൊതുസ്ഥലങ്ങൾ എന്നിവയുടെ സംരക്ഷണത്തിനും നവീകരണത്തിനുമായി നിലവിൽ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; ഇതിനായി കഴിഞ്ഞ മൂന്ന് വർഷത്തിനിടെ ചെലവഴിച്ച തുകയും വിശദമാക്കാമോ;

**മറുപടി:** ഫോർട്ട് കൊച്ചിയിലെ പൈതൃക നവീകരണത്തിന്റെയും സംരക്ഷണത്തിന്റെയും ഭാഗമായി നടപ്പിലാക്കിവരുന്ന "Conservation of Chinese Fishing Nets at Fort Kochi" എന്ന പദ്ധതിക്കായി 9,10,730/- (ഒൻപത് ലക്ഷത്തി പതിനായിരത്തി എഴുന്നൂറ്റിമുപ്പത് രൂപ) ചെലവഴിച്ചിട്ടുണ്ട്.

**(ഡി)** ഫോർട്ട് കൊച്ചി–മട്ടാഞ്ചേരി മേഖലയുടെ സമഗ്ര വികസനത്തിനായി പ്രത്യേക മാസ്റ്റർ പ്ലാൻ തയ്യാറാക്കാനും അന്താരാഷ്ട്ര നിലവാരത്തിലുള്ള പൈതൃക ടൂറിസം നഗരമായി വികസിപ്പിക്കാനും ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

**മറുപടി:** ഫോർട്ട് കൊച്ചി - മട്ടാഞ്ചേരി മേഖലയുടെ സമഗ്രവും സുസ്ഥിരവുമായ വികസനം സർക്കാരിന്റെ സജീവ പരിഗണനയിലുള്ള വിഷയമാണ് . ഈ മേഖലയെ അന്താരാഷ്ട്ര നിലവാരത്തിലുള്ള പൈതൃക ടൂറിസം ഹബ്ബാക്കി മാറ്റുന്നതിനായി ഒരു പ്രത്യേക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന കാര്യം, അതിന്റെ വിനോദസഞ്ചാര സാധ്യതകളും ആവശ്യകതകളും വിപുലമായി വിലയിരുത്തിക്കൊണ്ട് സർക്കാർ പരിശോധിച്ച് വരികയാണ്.

**സെക്ഷൻ ഓഫീസർ**